ഉത്തരം

(എ) ഇല്ല.

(ബി) മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരം ലഭിക്കാത്ത മെഡിക്കൽ ബിരുദാനന്തര ബിരുദ കോഴ്സ് പാസ്സായവർക്ക് നിലവിൽ ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിലിന്റെ രജിസ്ട്രേഷൻ നൽകുന്നില്ല.

(സി&ഡി) ഇന്ത്യൻ മെഡിക്കൽ കൗൺസിൽ നിയമത്തിന്റെ പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലാത്തതും വിദേശ രാജ്യങ്ങളിൽനിന്നും നേടിയതുമായ ബിരുദാനന്തര ബിരുദങ്ങൾക്ക് രജിസ്ട്രേഷൻ അനുവദിക്കുന്നത് മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരം ലഭിച്ചശേഷം മതിയെന്ന് 16-10-2015-ലെ കൗൺസിൽ പ്രകാരം തീരുമാനമായിട്ടുണ്ട്.

തിരുവനന്തപുരം മെഡിക്കൽ കോളേജ് വികസനം

111 (800) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് വികസനവുമായി ബന്ധപ്പെട്ട് പുതിയ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(ബി) മാസ്റ്റർ പ്ലാനിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) തിരുവനന്തപുരം ഗവൺമെന്റ് മെഡിക്കൽ കോളേജ് വികസനവുമായി ബന്ധപ്പെട്ട പുതിയ മാസ്റ്റർ പ്ലാൻ പൂർത്തിയായിട്ടില്ല.

ഡോക്ടർമാരുടെ അധിക തസ്തിക

112 (T*801) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എതെല്ലാം ആശുപത്രികളിൽ എത്ര വീതം ഡോക്ടർമാരുടെ അധിക തസ്തിക അനുവദിച്ചിട്ടുണ്ട്;

(ബി) പുതുതായി താലൂക്ക് ആശുപത്രിയായി ഉയർത്തപ്പെട്ട ആശുപത്രികളിൽ എത്ര തസ്തിക വീതം അനുവദിച്ചിട്ടുണ്ട്?

ഉത്തരം

(എ) വിശദാംശം അനുബന്ധമായി നൽകിയിരിക്കുന്നു.*

---

* 'T'മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പുതുതായി താലൂക്ക് ആശുപത്രിയായി ഉയർത്തപ്പെട്ട സ്ഥലങ്ങളിൽ സൃഷ്ടിക്കപ്പെട്ട തസ്തികകളുടെ എണ്ണം താഴെപ്പറയും പ്രകാരമാണ്.

THQH	വർക്കല	20
"	ഫോർട്ട്	36
"	വണ്ടൂർ	2
"	അരീക്കോട്	19
"	പാറശ്ശാല	9
"	പള്ളുരുത്തി	9
"	കട്ടപ്പന	16

കൂടാതെ കാഷ്വാലിറ്റി സംവിധാനം നിലവിൽ ഇല്ലാത്ത 35 താലൂക്ക് ആശുപത്രികളിലും, താലൂക്ക് ആശുപത്രിയായി ഉയർത്തുന്നതിനുവേണ്ടി 2 സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലുമായി ആകെ 37 സ്ഥാപനങ്ങളിൽ കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ (അസിസ്റ്റന്റ് സർജൻ)മാരുടെ തസ്തികകൾ കൂടി സൃഷ്ടിച്ചിട്ടുണ്ട്.

ഡോക്ടർമാരുടെ മിന്നൽ പണിമുടക്ക്

113 (802) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് ഡോക്ടർമാർ എത്ര തവണ പണിമുടക്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ; ഇതിൽ മിന്നൽ പണിമുടക്കിന്റെ കണക്ക് പ്രത്യേകം ലഭ്യമാക്കാമോ ?

ഉത്തരം

എട്ട് തവണ വിവിധ തരത്തിലുള്ള പണിമുടക്കും സമരവും നടത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

2011

നിസ്സഹകരണ സമരം	- ഫെബ്രുവരി 27
സൂചനാ പണിമുടക്ക്	- മെയ് 3
അനിശ്ചിതകാല സമരം	- ജൂലൈ 30 മുതൽ

LIBRARY ARCHIVES Kerala Legislative Assembly